# ‘യാചിക്കുക, അന്വേഷിക്കുക, മുട്ടുക’

## മത്തായി 7:7–8

**“യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും.”**

ഈ വചനഭാഗം വായിച്ച് ധ്യാനിക്കുമ്പോൾ ഒരു പക്ഷെ നമുക്ക് തോന്നിയേക്കാം, കർത്താവ് വളരെ ലളിതമായി പറഞ്ഞു വച്ചേക്കുന്ന ഒരു കാര്യം എന്ന്. എന്നാൽ വലിയ ഒരു പ്രാർത്ഥനയെക്കുറിച്ചാണ് കർത്താവിവിടെ പറയുന്നത്. യാചിക്കുക, അന്വേഷിക്കുക, അവന്റെ സന്നിധിയിൽ നിരന്തരമായി മുട്ടുക. എന്തിന്നു വേണ്ടി? അവന്റെ കൃപയിൻ വാതിൽ തുറന്ന് നമ്മുടെ യാചനകൾ അവന്റെ മഹിമക്കനുസരിച്ച് നമുക്ക് നൽകിത്തരുന്നതിന്, അവനായിട്ടുള്ള നമ്മുടെ അന്വേഷണങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നതിന്നു വേണ്ടി, അവന്റെ സന്നിധിയിൽ മുട്ടുമ്പോൾ അവൻ നമുക്കായി വാതിൽ തുറക്കുന്നതിന്നു വേണ്ടി. ഒന്നോർത്തു കൊള്ളുക ഇതെല്ലാം അവന്റെ മഹത്വത്തിനനുസരിച്ചാണവൻ നൽകിത്തരുന്നത്.

പ്രാർത്ഥനയിലുള്ള നമ്മുടെ യാചനകളും അന്വേഷണങ്ങളും മുട്ടലുകളുമെല്ലാംപൂർണ്ണമായും അവന്റെ ഹിതപ്രകാരമായിരിക്കണം. അവിടെ എന്റെ ഇഷ്ടത്തിനു ഒരു പ്രസക്തിയുമില്ല. കാരണം എന്റെ ഇഷ്ടങ്ങളാണ് അവിടെ നിറവേറേണ്ടതെങ്കിൽ എനിക്കു ദൈവത്തിൽ ആശ്രയിക്കേണ്ട കാര്യമില്ല. എന്റേതായ ചട്ടങ്ങളിലും അനുമാനങ്ങളിലും എന്റെ ജീവിതത്തെ മുമ്പോട്ട് നയിക്കുകയേ വേണ്ടൂ. എന്നാൽ ദൈവഹിതപ്രകാരമുള്ള ഒരു ജീവിതം നയിക്കുകയാണെങ്കിൽ അവന്റെ സന്നിധിയിൽ നിന്ന് അവന്റെ സ്വരം കേട്ട് ജീവിതത്തെ മുന്നോട്ട് കൊണ്ടുപോവാൻ നാം സന്നദ്ധരായിരിക്കണം.

സങ്കീർത്തനങ്ങൾ 66:18ൽ പറയുന്നു, ‘ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു.’’ ക്രിസ്തുവിന്റെ അനുയായി ആയിരിക്കുന്ന ഒരുവന്റെ പ്രാർത്ഥന വിശ്വാസത്തോടു കൂടിയതും, ദൈവഹിതപ്രകാരമുള്ളതും, നിഷ്ഠയോടു കൂടിയതും, നിർവ്യാജമായതും ആയിരിക്കണം. തന്റെ മനസ്സിൽ അകൃത്യം ഉണ്ടെങ്കിൽ അത് അവന്റെ ജീവിതത്തിൽ ദൈവത്തിന് തന്റെ ഹിതം നിറവേറുന്നതിൽ ഇടർച്ച വരുത്തുന്നു. ദൈവഹിതപ്രകാരമുള്ള ഒരു പ്രാത്ഥനയിൽ

നമുക്ക് ദൈവം മറുപടി തരുമ്പോൾ ദൈവത്തിന്നറിയാം നമ്മുടെ ജീവിതത്തിൽ എന്ത് ആവശ്യമുണ്ട് എന്ത് ആവശ്യമില്ല എന്നൊക്കെ. ഒരു കാര്യം നമുക്കുറപ്പിക്കാം അവൻ ജീവിതത്തിൽ നൽകിത്തരുന്നതെന്തും അത് നമ്മുടെ നന്മയ്ക്കായിട്ടെ ഉതകുകയുള്ളൂ. അവൻ അളന്നു തൂക്കി നമുക്ക് വേണ്ടതു മാത്രം നൽകിത്തരുന്നു. അത്, കൂടുതലായി ലഭിച്ച് നാം ദൈവത്തെ മറന്ന് നാശത്തിലേക്കും, കുറവു ലഭിച്ച് അവനെ പഴി പറയുന്നതിലേക്കും കടന്നു പോകാതിരിപ്പാൻ വേണ്ടിയാണെന്നോർത്തുകൊള്ളുക.

അങ്ങനെയെങ്കിൽ അവൻ നമ്മോട് പറഞ്ഞതുപോലെ അവന്റെ ഹിതപ്രകാരം അവനോട് യാചിപ്പാനും, അവനെ അന്വേഷിപ്പാനും, അവന്റെ സന്നിധിയിൽ മുട്ടുവാനുമായി നമ്മുടെ ജീവിതത്തെ ക്രമീകരിക്കാം. ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**
യെശെയ്യാവ് 30:18

**“അതുകൊണ്ടു യഹോവ നിങ്ങളോടു കൃപ കാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ടു അവൻ നിങ്ങളോടു കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും; ഭാഗ്യവാന്മാർ”**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 082**